بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 15/07/2016

## (10 SHAWWAL 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

### PROTECT THE DIGNITY & HONOUR OF THE OTHERS / മറ്റുള്ളവരുടെ അന്തസ്സും അഭിമാനവും കാത്തു സൂക്ഷിക്കുക.

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം മറ്റുള്ളവരുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കുക എന്ന വിഷയത്തിലേക്ക് പ്രവേശിച്ചു. അല്ലാഹു (ത) പറയുന്നു. **"ജീവനോടെ കുഴിച്ചുമൂടപ്പെട്ട പെൺകുഞ്ഞിനെപ്പറ്റി, അവൾ എന്തുകുറ്റം കാരണത്തലാണ് വധിക്കപ്പെട്ടതെന്ന് ചോദിക്കപ്പെടുമ്പോൾ"** (81:9 – 10)" **"വിശ്വസിച്ചവരിൽ ലജ്ജാകരമായ കാര്യങ്ങൾ പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവർക്ക് ഇഹത്തിലും പരത്തിലും വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്. അല്ലാഹു അറിയുന്നു, നിങ്ങളോ അറിയുന്നില്ല"** (24:20) ഒരു പ്രവാചക വചനത്തിൽ പറയുന്നു. **" മറച്ചു വയ്ക്കേണ്ട എന്തെങ്കിലും കാര്യം ഒരുവൻ കണ്ടാൽ അതവൻ മറച്ചു വയ്ക്കുകയാണെങ്കിൽ, ജീവനോടെ കുഴിച്ചുമൂടപ്പെട്ട ഒരു പെൺകുട്ടിയെ ജീവിതത്തിലേക്ക് മടക്കികൊണ്ടുവന്നതുപോലെയാണ്."** (അബൂദാവൂദ്, കൻസൂൽ ഉമ്മാൽ, ത്വബറാനി) ഈ സഹീഹായ ഹദീസ് നമ്മെ പഠിപ്പിക്കുന്നത്, ഒരുവൻ ഒരു മുസ്ലീമിൽ ഒരു ന്യൂനത അഥവാ ദൗർബല്യം കണ്ടെത്തിയാൽ, അത് ശാരീരികമാകട്ടെ, ധാർമ്മികമാകട്ടെ, അതവൻ മറച്ചു വച്ചാൽ, അതായത് അവൻ അത് ജനങ്ങളിൽ പ്രചരിപ്പിക്കാതിരുന്നാൽ, അതൊരു രഹസ്യമായി സൂക്ഷിച്ചാൽ, ജീവനോടെ കുഴിച്ചുമൂടപ്പെട്ട ഒരു പെൺകുഞ്ഞിനെ അതിന്റെ കുഴിമാടത്തിൽ നിന്ന് രക്ഷിച്ചവന് ലഭിക്കുന്ന പ്രതിഫലത്തിന് തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. ജാഹിലിയ്യ കാലഘട്ടത്തിൽ അറബികളുടെ ഇടയിൽ ഇത് വ്യാപകമായി നടമാടിയിരുന്നു; പ്രവാചകൻ (സ) യുടെ ആഗമനത്തിന് മുമ്പ് ബദവികളായ അറബികളിലും, അജ്ഞന്മാരിലും ഇത് സാധാരണ സംഭവമായിരുന്നു. ജനങ്ങളുടെ സ്വഭാവ സംസ്ക്കരണത്തിനായി, നാം അവരെ ഉപദേശിക്കേണ്ടതായിട്ടുണ്ട്. അവരുടെ തെറ്റായ പ്രവർത്തനങ്ങൾ പ്രായശ്ചിത്തം ചെയ്യേണ്ടതാണ്. അവരുടെ വൈകല്യങ്ങൾ, ആ കാര്യങ്ങളുമായി ബന്ധമില്ലാത്തവരിലേക്ക്, നമ്മൾ, വെളിപ്പെടുത്തുന്നത് നിയമസാധുതയുള്ള കാര്യമല്ല. പ്രവാചകൻ (സ) പറഞ്ഞു **" പാപത്തിൽ നിന്നും പശ്ചാത്തപിക്കുന്നവൻ പാപം ചെയ്യാത്തവനെ പോലെയാണ്." (ഇബ്നു മാജ)**

പ്രവാചകൻ (സ) യുടെ ആഗമനത്തിനു മുമ്പ്, പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുക എന്നത് അറബികളിൽ സർവ്വസാധാരണമായിരുന്നു. പ്രവാചകൻ (സ) യുടെ ചില അനുചരന്മാരും, അവർ ഇസ്ലാം മതം സ്വീകരിക്കുന്നതിന് മുമ്പ്, ഇത്തരം കുറ്റങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു. അവരിൽപ്പെട്ട ഒരാൾ, ഈകുറ്റം ചെയ്യുന്നതിന് മുമ്പ്, വളരെ ഔദാര്യത്തോടെയും സ്നേഹലാളനയോടും പ്രവർത്തിക്കുന്ന ആളായിരുന്നു. ഈ പറയപ്പെട്ട ആൾ, ഇത്തരം പരീക്ഷണങ്ങളിൽ അകപ്പെടുകയും, അങ്ങേയറ്റം വെറുപ്പുളവാക്കുന്ന ഈ പ്രവർത്തി ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ കഥ ഇപ്രകാരമാണ്. അറബി ഗോത്രങ്ങളിൽ ഒരു ഗോത്രം അയാളുടെ ഗോത്രത്തെ ആക്രമിക്കുകയും അയാളുടെ പുത്രിയെ പിടിച്ചുകൊണ്ടു പോവുകയും ചെയ്തു. പിന്നീട് ഈ രണ്ട് ഗോത്രങ്ങൾ തമ്മിൽ രഞ്ജിപ്പിലെത്തിച്ചേരുകയും ചെയ്തു. എന്നാൽ അപ്പോഴേക്കും ഈ പെൺകുട്ടി മറ്റേ ഗോത്രത്തിലെ അവളെ തടവുകാരിയാക്കിയ ആളുമായി സ്നേഹ ബന്ധത്തിൽ ആയി. ഈ പെൺകുട്ടിക്ക് അവളുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ട ഒരു തീരുമാനത്തെ അഭിമുഖീകരിക്കേണ്ടിവന്നു. ഒന്നുകിൽ പിതാവിനോടൊപ്പം മടങ്ങി പോകുക; അല്ലെങ്കിൽ താൻ സ്നേഹിച്ച ആളുമായി അവിടെ തങ്ങുക. തന്റെ പിതാവിനെക്കാളും, താൻ സ്നേഹിച്ച ആളിനാണ് മുൻഗണന കൊടുത്തത്. എന്നാൽ അവളുടെ പിതാവ്, അദ്ദേഹത്തിന്റെ ഗോത്രത്തിലെ പ്രധാനിയായിരുന്നു. അദ്ദേഹത്തെ തന്റെ ജനങ്ങൾക്കിടയിൽ അറിയപ്പെട്ടത് ഔദാര്യവാനും, സ്നേഹമുള്ളവനും, വളരെ നല്ല ആളുമായിട്ടാണ്. തന്റെ മകളുടെ തീരുമാനം കേട്ട്, അദ്ദേഹം കോപാകുലനായി. എന്നിട്ട് അയാൾ പ്രതിജ്ഞചെയ്തു, തനിക്ക് വേറെ പെൺകുഞ്ഞുങ്ങൾ ഉണ്ടാവുകയാണെങ്കിൽ, അവരെ, തീർച്ചയായും ജീവനോടെ കുഴിച്ചുമൂടുന്നതാണ്. അല്ലാഹു (ത) അദ്ദേഹത്തെ പരീക്ഷിച്ചു, പെൺകുഞ്ഞുങ്ങളെ നൽകി, ഓരോ പെൺകുഞ്ഞിനെ നൽകിയപ്പോഴും അവളെ അദ്ദേഹം ജീവനോടെ കുഴിച്ചുമൂടി. അങ്ങനെ അദ്ദേഹത്തിനുണ്ടായ 8 പുത്രിമാരെയും അദ്ദേഹം ജീവനോടെ കുഴിച്ചുമൂടി. ഇസ്ലാം മതം ആശ്ലേഷിച്ച ശേഷം, താൻ ചെയ്ത പ്രവർത്തികളിൽ അഗാധമായി ദുഃഖിച്ചു, ആത്മാർത്ഥമായി പശ്ചാത്തപിച്ചു. അദ്ദേഹം പ്രവാചകൻ (സ) നോട് ആരാഞ്ഞു. താൻ ജീവനോടെ കുഴിച്ചുമൂടിയ 8 പെൺമക്കളോട് കാട്ടിയ ക്രൂരതയ്ക്ക് എന്ത് പ്രായശ്ചിത്തമാണ് ചെയ്യേണ്ടത് ? പ്രവാചകൻ (സ) പറഞ്ഞു. **"അടിമകളെ മോചിപ്പിക്കുക."** അദ്ദേഹം പറഞ്ഞു എന്റെ കയ്യിൽ അതിനേക്കാളും ഒട്ടകങ്ങളാണു

ള്ളത്. അങ്ങനെ അദ്ദേഹം 100 ഒട്ടകങ്ങളെ നൽകാമെന്ന് വാഗ്ദാനം ചെയ്തു.

ജീവനോടെ പെൺകുഞ്ഞുങ്ങളെ കുഴിച്ചുമൂടുന്നവർക്കുള്ള ദണ്ഡനാജ്ഞ വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. **“ ജീവനോടെ കുഴിച്ചുമൂടപ്പെട്ട പെൺകുഞ്ഞ്, അവൾ എന്തുകുറ്റത്തിനാണ് കൊലചെയ്യപ്പെട്ടതെന്ന് ചോദിക്കപ്പെടുമ്പോൾ ”** (81:9 - 10) അല്ലാഹുവിന്റെ ദൂതൻ (സ) താരതമ്യം ചെയ്യുന്നു. ഒരു മുസ്ലീം സഹോദരനിൽ ഒരു കുറ്റം കാണുകയും അത് മറ്റുള്ളവരിൽ വെളിപ്പെടുത്താതിരിക്കുകയും ചെയ്താൽ, അയാൾക്ക്, ജീവനോടെ കുഴിച്ചുമൂടപ്പെട്ട ഒരു പെൺകുഞ്ഞിനെ ശ്വാസംമുട്ടി, ഭൂമിയ്ക്കടിയിൽ കിടന്ന് മരിക്കുന്നതിന് മുമ്പ് രക്ഷപ്പെടുത്തുന്നവന് കിട്ടുന്ന പ്രതിഫലം ലഭിക്കുന്നതാണ്. സംഭവിച്ച ആ ന്യൂനത, ജനങ്ങളുടെ മുമ്പാകെ വെളിപ്പെടുത്തിയാൽ, അവനെന്നും നാണക്കേടാണത്. ഇത് വെളിപ്പെടുത്തുന്നത്കൊണ്ട് വെളിപ്പെടുത്തുന്നവന് ഒരു നേട്ടവും ഉണ്ടാകുന്നതല്ല. മറ്റുള്ളവരുടെ രഹസ്യവും അഭിമാനവും സംരക്ഷിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ പ്രവർത്തി വിശ്വാസികളെ ഒരുമിച്ച് നിർത്തുകയും അവരുടെ സ്നേഹ വാത്സല്യങ്ങൾ ശക്തമാവുകയും ചെയ്യുന്നതാണ്.

ഉമർ (റ) വിന്റെ അടുത്ത് ഒരാൾ വന്ന് പറഞ്ഞു **“ജാഹിലിയ്യാ കാലഘട്ടത്തിൽ, ഒരിക്കൽ, ഞാനെന്റെ മകളെ ജീവനോടെ കുഴിച്ചുമൂടി. എന്നാൽ അവൾ മരിക്കുന്നതിനു മുമ്പ് (ശ്വാസം മുട്ടൽ അനുഭവപ്പെട്ടപ്പോൾ) ഞാൻ അവളെ അവിടെ നിന്നും വീണ്ടെടുക്കുകയുണ്ടായി. പിന്നീട് ഞങ്ങൾ ഇസ്ലാം മതം സ്വീകരിച്ചു. അവൾ വളർന്നപ്പോൾ, മുസ്ലീം എന്ന നിലയിൽ, ശിക്ഷയ്ക്ക് അർഹമായ നിരോധിച്ച അധാർമിക പ്രവർത്തി ചെയ്തു. ഇതവളുടെ യുവത്വത്തിലായിരുന്നു. അപ്പോൾ അവൾ ഒരു കത്തിയെടുത്ത് കുത്തിച്ചാവാൻ തുനിയുകയുണ്ടായി. എന്നാൽ അവളെ രക്ഷപ്പെടുത്തുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. അവൾക്ക് മുറിവ് പറ്റിയെങ്കിൽ പോലും ! അതിന് ശേഷം അവൾ സൂക്ഷ്മതയോടും, ആത്മാർത്ഥതയോടുംകൂടി പശ്ചാത്തപിച്ചു. ആളുകൾ ഇപ്പോൾ അവളെ വിവാഹാലോചന നടത്തുന്നു. ആയതിനാൽ ഇതിനെപ്പറ്റി ഞാൻ അവരോട് വെളിപ്പെടുത്തേണ്ടതല്ലേ ? മുസ്ലീങ്ങളുടെ ഖലീഫയോട് പറയുന്നത് ഒരു നല്ല പ്രവർത്തിയായി ധരിച്ചാണ് ആ പിതാവ് ഇത് പറഞ്ഞത്. കാരണം അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, അദ്ദേഹം കരുതിയത്, ഇത്തരം കാര്യങ്ങളിൽപോലും അദ്ദേഹം സത്യസന്ധത പുലർത്തണമെന്നും ജനങ്ങളെ ചതിക്കുവാൻ പാടില്ലായെന്നുമാണ്. എന്നാൽ ഖലീഫ കോപാകുലനായി, മറുപടിയായി പറഞ്ഞു. ”**ഇസ്ലാമിക സിദ്ധാന്തപ്രകാരം, അല്ലാഹു (ത) മറച്ചുവെച്ച ഒരു ന്യൂനത നിങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു. ഇത് സംബന്ധമായി ആരോടെങ്കിലും നിങ്ങൾ പറയുകയാണെങ്കിൽ പട്ടണവാസികളായ ജനങ്ങൾ സംസാരിക്കത്തക്ക നിലയിൽ, മാതൃകാപരമായി നിങ്ങളുടെ, ശിക്ഷാവിധി നടപ്പാക്കുന്നതാണ്. അതായത് നിങ്ങളുടെ മകൾ പണ്ടെന്നോ ചെയ്ത തെറ്റുകൾ പ്രചരിപ്പിക്കുന്നതിനുള്ള ശ്രമം തുടങ്ങിയാൽ അപ്പോൾ നിങ്ങൾ ശിക്ഷയുടെ രുചി അറിയേണ്ടി വരും. ആളുകൾക്ക് നിങ്ങളൊരു ദർശനമാതൃകയാകും. ആരെങ്കിലും നിങ്ങൾ ചെയ്യുന്നതുപോലുള്ള പ്രവർത്തിചെയ്താൽ ഇതായിരിക്കും ശിക്ഷ എന്നവരറിയും. ശിക്ഷ നടപ്പിലാക്കുന്നതിലൂടെ തെറ്റുകൾ തിരുത്തുവാനുള്ള ഒരു മാതൃക സൃഷ്ടിക്കുകയാണ്. ഇതിനു സാക്ഷ്യം വഹിക്കുന്ന ജനം പറയും, ഇന്ന ആൾ, ഇന്ന ആളിന്റെ മകൻ, അത്തരം ഒരു പ്രവർത്തി ചെയ്തു. ഹസ്രത് ഉമർ (റ) അവന്റെ മേൽ ശിക്ഷാവിധി നടപ്പിലാക്കി. ഈ കഥയിൽ നിന്നും നാം പഠിക്കേണ്ട പാഠം ഒരു മുസ്ലീം ഒരിക്കൽ ഒരു തെറ്റു ചെയ്തു. ആ തെറ്റുകൾ ചർച്ച ചെയ്യുവാൻ നമ്മെ ആരും ചുമതലപ്പെടുത്തിയിട്ടില്ല, വിശിഷ്യാ അവൻ പശ്ചാത്തപിച്ച ശേഷം ! മുമ്പെങ്ങോ സംഭവിച്ചു പോയ അപമാനകരമായ, നാണംകെട്ട ആ സംഭവം, വീണ്ടും അയാളുടെ മുൻപിൽ ഒരിക്കലും നാം ഓർമപ്പെടുത്തരുത്. അന്തസ്സില്ലായ്മയും പാപവും, എന്ത് തന്നെയായാലും, അവയെ വ്യാപിപ്പിക്കുവാൻ ജനങ്ങൾക്ക് അനുവാദമില്ല. മുസ്ലീം പുരുഷനാകട്ടെ, ആൺകുട്ടിയാകട്ടെ, സ്ത്രീയാകട്ടെ, പെൺകുട്ടിയാകട്ടെ അവരുടെ പശ്ചാത്താപത്തിനുശേഷം (തെറ്റുകൾ മായ്ക്കപ്പെടുന്നതാണ്) മനുഷ്യർ അവരുടെ ജീവിതത്തിന്റെ അവസ്ഥകൾക്ക് മാറ്റം വരുത്തുന്നവരാണ്. ചിലപ്പോൾ അത് സംഭവിക്കുന്നത് വലിയ തെറ്റുകൾക്ക് ശേഷമായിരിക്കും. ഒരു മുസ്ലീം ഒരു പുതു ഇലപോലെ മാറുന്നതാണ്. പശ്ചാത്താപത്തിലൂടെ പാപക്കറകൾ കഴുകിക്കളയുന്നു. അങ്ങനെ അവൻ പരിശുദ്ധനും സ്വാതികനുമായി മാറുന്നു.

**ദുഷ്ടത വ്യാവിപ്പിക്കരുത്** :- തന്റെ സഹോദരന്റെ ന്യൂനത വെളിവാക്കാത്ത മുസ്ലീം സഹോദരൻ മഹത്വമുള്ളവനാണ്. ഇത്തരം ന്യൂനതകൾ വെളിപ്പെടുത്തുവാൻ പാടില്ലാത്തതാണ് എന്നുള്ള ഒരു പാഠം അതിലൂടെ ലഭ്യമാകുന്നു. ഇതിലൂടെ, ഒരു അപവാദവും, ഉണ്ടാക്കാൻ പാടില്ലായെന്ന സന്ദേശവും ! ഒരു മുസ്ലീം സഹോദരന്റെ കീർത്തി തകർക്കുവാൻ വിശ്രമമന്യേ പ്രവർത്തിക്കുന്നവർ ജാഗ്രതയിലായിരിക്കട്ടെ ! അതായത് അവരെപ്പറ്റി ഇടതടവില്ലാതെ പറഞ്ഞുകൊണ്ടിരിക്കുക, അവർ എവിടെയൊക്കെ പോകുന്നുവോ അവിടെയൊക്കെ അവനെ പീഡിപ്പിക്കുക, ഈ പുറകിൽകുത്ത് അവരുടെ സ്വഭാവമാക്കിമാറ്റിയിരിക്കുന്നു. അവരുടെ പാപം ഏറ്റവും മോശമായ പലിശ തിന്നുന്നവന്റെ പാപം പോലെയാണ്. പ്രവാചകൻ (സ) പറഞ്ഞു **“തീർച്ചയായും പലിശയിൽ ഏറ്റവും മോശമായ രീതി, ഒരു അവകാശവും ഇല്ലാതെ മുസ്ലീമിന്റെ അന്തസ്സിനെ ആക്രമിക്കലാകുന്നു.”** (അബൂദാവൂദ്) അതായത്, ഒരു മുസ്ലീമിന്റെ വൈകല്യങ്ങൾ വെളിപ്പെടുത്തുന്നതിന് സമയം ചെലവഴിക്കുക, അവനെപ്പറ്റിയുള്ള കിംവദന്തികൾ പറഞ്ഞു പരത്തുക, അവന്റെ അന്തസ്സിനെ വഷളാക്കുക. സർവ്വശക്തനായ അല്ലാഹുവിന്റെ വീക്ഷണത്തിൽ അത്തരം ആളിനെ പാപികളിൽപ്പെട്ടവനായി കണക്കാക്കുന്നതാണ്. ഒരു മുസ്ലീമിന്റെ തെറ്റുകൾ ചർച്ച നടത്തുന്നതും അതിലൂടെ ജനങ്ങൾക്കിടയിൽ അപവാദം പരത്തു

ന്നതും കുറ്റകരമായ കാര്യംതന്നെയാണ്. ഈ സ്വഭാവം സ്നേഹ ഭംഗത്തിലേക്ക് നയിക്കുകയും മതത്തിലെ സഹോദരങ്ങൾക്കിടയിൽ അകലം സൃഷ്ടിക്കുകയും ചെയ്യുന്നു. അനീതിക്ക് വിധേയനായവൻ, അവന് അവകാശപ്പെട്ടത് മാത്രമേ സംസാരിക്കുവാൻ പാടുള്ളൂ. കാര്യങ്ങളെ കോപത്തിന് വിധേയമാക്കരുത്; അപ്രകാരം ചെയ്താൽ തന്റെ രക്ഷിതാവിന്റെ ശിക്ഷക്ക് അവൻ അർഹനായി തീരുന്നതാണ്. അല്ലാഹുവിന്റെ ഗ്രന്ഥം അവന് നൽകിയ അവകാശങ്ങളുടെ പരിധിയിലായിരിക്കണം അവൻ നിൽക്കേണ്ടത്. അവൻ ഒരു പീഡിതൻ എന്ന നിലയിൽ, കുറ്റത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള, നീതിമാത്രമേ നടപ്പിലാക്കാവൂ! അതായത്, തന്റെ എതിരാളിയുടെ കുറ്റങ്ങൾ വെളിവാക്കുന്നതിലൂടെ പ്രതികാരത്തിന്റെ മനോഭാവം ആയിരിക്കരുത്, മറിച്ച് അയാൾ എന്നോട് മോശമായി പ്രവർത്തിച്ചു എന്നത് വ്യക്തമാക്കുക മാത്രം ചെയ്യുക. അവൻ തീർച്ചയായും മുസ്ലീമിന്റെ വൈകല്യങ്ങൾ മറയ്ക്കേണ്ടതു തന്നെയാണ്. അവന്റെ നാക്കിലൂടെ അത് പരസ്യപ്പെടുത്തുവാൻ ഒരു സമയത്തും അവന് അവകാശമില്ല (അഥവാ മറ്റേതെങ്കിലും വഴിയിലൂടെ) പീഡിതൻ പീഡിപ്പിച്ചവന്റെ നേരെ നല്ല നിലയിൽ പെരുമാറുവാനുള്ള തുടക്കം കുറിക്കുകയാണെങ്കിൽ, ഇത് തീർച്ചയായും ഏറ്റവും നല്ല പെരുമാറ്റം തന്നെയായിരിക്കും. വിശുദ്ധ ഖുർ ആനും പ്രവാചകൻ (സ) യും നമ്മെ പഠിപ്പിച്ച മാതൃകയും അതാകുന്നു.

**ചതിക്കരുത്** :- വാണിജ്യ വിഷയകമായ പ്രവർത്തിയിൽ ഒരു വ്യക്തി ചതിക്കുകയാണെങ്കിൽ, മതത്തിന്റെ പേരിൽ വിദ്യാഭ്യാസ രംഗത്ത് ചതിക്കുകയാണെങ്കിൽ, ഈ താൽക്കാലിക ജീവിതത്തിൽ ശാസ്ത്ര വിജ്ഞാനത്തിന്റെ പേരിൽ ചതിക്കുകയാണെങ്കിൽ, മെഡിക്കൽ രംഗത്ത് ചതിക്കുകയാണെങ്കിൽ, നിർമ്മാണ രംഗത്ത് ചതിച്ചാൽ, അല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രവർത്തിയിൽ ചതിച്ചാൽ, അല്ലെങ്കിൽ കൊടുക്കൽ വാങ്ങലിൽ ചതിച്ചാൽ, അത്തരം വ്യക്തികൾക്കെതിരിൽ മുന്നറിയിപ്പ് നൽകൽ കടമയാണ് ! അവന്റെ ചതി വെളിപ്പെടുത്തുകയും ജനങ്ങളെ ജാഗ്രതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പ്രവാചകൻ (സ) പറഞ്ഞു. **“ മതം ഉപദേശം നൽകൽ ആകുന്നു.”** (മുസ്ലീം) പ്രവാചകൻ (സ) മറ്റുള്ളവരുടെ പാപങ്ങൾ / ദൗർബല്യങ്ങൾ/ന്യൂനതകൾ ഇവ മറച്ചു വയ്ക്കുവാൻ തന്റെ സമുദായത്തെ ഉപദേശിക്കുകയുണ്ടായി. അവയിൽ നിന്നും ഏതാനും വാക്കുകൾ കാണുക.“ **ഈ ഭൗതിക ജീവിതത്തിൽ, മറ്റൊരാളിന്റെ കുറ്റങ്ങൾ, ഒരാൾ മറച്ചു വയ്ക്കുകയാണെങ്കിൽ, അവന്റെ കുറ്റങ്ങൾ വിചാരണനാളിൽ അല്ലാഹു മറച്ചു വയ്ക്കുന്നതാണ്.”** (മുസ്ലീം) ഒരു കവി പറഞ്ഞു. **“ഉപദ്രവമില്ലാതെ ജീവിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഭാഗ്യവാനായി ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സുരക്ഷിത കീർത്തിയിൽ കഴിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അപ്പോൾ നിങ്ങൾ നിങ്ങളുടെ നാക്ക് ഉപയോഗിച്ച്, ഒരാളിന്റെയും കുറ്റം പറയാതിരിക്കുക, കാരണം നിങ്ങൾ സ്വയം നിറയെ ന്യൂനതകളാൽ നിറയപ്പെട്ടിരിക്കുന്നു, ജനങ്ങൾക്കും നാക്കുകളുണ്ട് ; ഇനി നിങ്ങളുടെ കണ്ണുകൾ, ചിലരുടെ ന്യൂനതകൾ നിങ്ങളെ അത് കാണിക്കുന്നുവെങ്കിൽ, അപ്പോൾ അതിനെ നിയന്ത്രിക്കുക, എന്നിട്ട് അതിനോട് പറയുക, ഹേ ! കണ്ണേ ! ജനങ്ങൾക്കും കണ്ണുകളുണ്ട്. അപ്പോൾ ജനങ്ങളുമായി സമാധാന ബന്ധങ്ങളുണ്ടാകും; നിങ്ങളെ ഉപദ്രവിക്കുന്നവർക്ക് നിങ്ങൾ മാപ്പ് ചെയ്യുക. ഇതു സംഭവിക്കണമെങ്കിൽ, നിങ്ങൾ സ്വയം ചിലരിൽ നിന്ന് അകന്ന് നിൽക്കേണ്ടി വരും, അപ്പോൾ അത് ചെയ്യുക, എന്നാൽ അത് ഏറ്റവും സന്തോഷകരമായ വഴിയിലൂടെയായിരിക്കണം.”**

അതുകൊണ്ട്, ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. അല്ലയോ എന്റെ അനുചരന്മാരെ ! അല്ലയോ മുസ്ലീങ്ങളെ, മോശ പ്രവർത്തികളിൽ നിന്നും ദുഷ്ടതയിൽ നിന്നും നിങ്ങൾ സ്വയം സംരക്ഷിതരാകുക. അതുപോലെ നിങ്ങളുടെ മുസ്ലീം സഹോദരിമാരെയും സഹോദരന്മാരെയും മനുഷ്യ സമുദായത്തെ മൊത്തത്തിലും നിങ്ങൾ ബഹുമാനിക്കേണ്ടതുണ്ട്. അവരുടെ ജീവിതവും, അവരുടെ അഭിമാനവും അവരുടെ അന്തസ്സും, അവരുടെ ധനവും നിങ്ങളുടെ കൈകളിൽ സുരക്ഷിതമായിരിക്കണം. നമ്മുടെ പ്രിയ പ്രവാചകൻ (സ) തന്റെ പ്രവർത്തിയിലൂടെ കാണിച്ചു തന്ന മാതൃകയനുസരിച്ചുള്ള ഇസ്ലാമിക സിദ്ധാന്ത പ്രവർത്തനങ്ങൾ നിങ്ങൾ എപ്പോഴും സ്വയം കാണിച്ചുകൊടുക്കണം. ഇൻശാ അല്ലാഹ്! ആമീൻ !


Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
Ph: 9447001832 / 0475 2220223 / 8547299180
email : jamal.raother@gmail.com
www.jamaat-Ul-Sahih-Al-Islam.com